"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി.ജിജു.ജെ.കെ.കെ. -യുടെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.83/2025/ENVT തീയതി,തിരുവനന്തപുരം, 11-08-2025

---

പരാമർശം: 1. 10.05.2013 -ലെ 42/2013/ധന നമ്പർ സർക്കുലർ.

2. 28.11.2013-ലെ സ.ഉ.(പി) നം.580/2013/ധന നം. ഉത്തരവ്.

3. 17.07.2024-ലെ സ.ഉ(സാധാ)നം.56/2024/ENVT നം. ഉത്തരവ്.

4. ശ്രീമതി.ജിജു.ജെ.കെ.കെ-യുടെ 14.05.2025-ൽ സമർപ്പിച്ച അപേക്ഷ.

5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.06.2025 തീയതിയിലെ എഡിഎഫ്ഡബ്ല്യു/5586/2025-SB2 നമ്പർ നിരാക്ഷേപ പത്രം.

6. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 15.05.2025 തീയതിയിലെ കെ.എസ്.ബി.ബി/141/2024/ടി.എ(ഡബ്ല്യു എസ്) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ പരാമർശം (3) ഉത്തരവ് പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനം അനുഷ്ഠിച്ചു വരുന്ന കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി.ജിജു.ജെ.കെ.കെ - യുടെ അന്യത്ര സേവന കാലാവധി 31-07-2025-ൽ അവസാനിച്ചതിനാൽ, ടിയാളുടെ അന്യത്ര സേവന കാലാവധി 01-08-2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം (5) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നിരാക്ഷേപ പത്രം സഹിതം, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (6) കത്ത് പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി.ജിജു.ജെ.കെ.കെ - യുടെ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്ര സേവന കാലാവധി **01-08-2025** മുതൽ ഒരു വർഷത്തേക്കോ റഗുലർ നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, ദീർഘിപ്പിക്കുന്നതിന് നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

3. അന്യത്ര സേവന കാലാവധിക്കുള്ളിൽ ശ്രീമതി.ജിജു.ജെ.കെ.കെ.- യ്ക്ക് പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ, കാലാവധിയ്ക്കുശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ലെങ്കിലോ ടിയാൾ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**UNNIKUTTAN S S**

അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, വികാസ് ഭവൻ
3. ശ്രീമതി.ജിജു.ജെ.കെ.കെ, ടെക്നിക്കൽ അസിസ്റ്റന്റ്, (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി മുഖേന).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ENVT-A1/144/2025-ENVT).

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 12-08-2025 10:02:11

സെക്ഷൻ ഓഫീസർ